"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം – തലശ്ശേരി നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. റ്റി.കെ.പ്രദീപൻ, ശ്രീ. സത്യൻ കെ എന്നിവരുടെ മുൻകാലസേവനകാലം ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള അപേക്ഷ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.132/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/01/2021

---

പരാമർശം:- 1 13/07/1987ലെജി.ഒ.(എം.എസ്) നം.162/87/ തസ്വഭവ

2 07/06/89ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ

3 12/9/06ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ

4 നഗരകാര്യഡയറക്ടറുടെ 13.01.2020 തീയതിയിലെ ഇ3- 20956/19 നം. കത്ത്.

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ തലശ്ശേരി നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. റ്റി.കെ.പ്രദീപൻ, ശ്രീ. സത്യൻ കെ എന്നിവരുടെ മുൻകാലസേവനകാലം ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ശ്രീ. റ്റി.കെ.പ്രദീപൻ, കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 01.12.2005 - ൽ എൽ . ഡി ക്ലാർക്ക് / ബിൽ കളക്ടർ തസ്തികയിൽ പ്രവേശിക്കുന്നതിന് മുമ്പ് 01.07.1999 മുതൽ 30.11.2005 വരെ രജിസ്ട്രേഷൻ വകുപ്പിൽ ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതും സർവ്വീസ് ബ്രേക്ക് ഇല്ലാതെ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീ. സത്യൻ കെ, കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 06.04.2006-ൽ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ പ്രവേശിക്കുന്നതിന് മുമ്പ് 16.11.2001 മുതൽ 05.04.2006 വരെ എക്സൈസ് വകുപ്പിൽ ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതും സർവ്വീസ് ബ്രേക്ക് ഇല്ലാതെ മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽനിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് മാറിവരുന്നവരുടെ മുൻസർക്കാർ സർവ്വീസ് ശമ്പളനിർണ്ണയത്തിന് കണക്കാക്കുന്നതിന് അനുവദിച്ച്കൊണ്ടുള്ള പരാമർശം 1 ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടുള്ള പരാമർശം 3 ഉത്തരവിനു മുൻകാല പ്രാബല്യം ഇല്ലാത്തതിനാലും പരാമർശം 1ലെ ഉത്തരവിനു പ്രാബല്യം 31.3.1984 മുതൽ 11.09.2006 വരെ ആയതിനാലും, ശ്രീ.

റ്റി.കെ.പ്രദീപൻ 01.12.2005 തീയതിയിലും ശ്രീ. സത്യൻ കെ, 06.04.2006 തീയതിയിലുമാണ് മുനിസിപ്പൽ കോമൺസർവ്വീസിലേക്ക് പ്രവേശിച്ചത് എന്നതിനാലും ടി തീയതി മേൽ ഉത്തരവ് തീയതിയായ 12.09.2006ന് മുമ്പ് ആയതിനാലും ടിയാളുകളുടെ മുൻ സർക്കാർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺസർവ്വീസിൽ പ്രവേശിച്ച തീയതിയിൽ ശമ്പള നിർണ്ണയം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ. റ്റി.കെ.പ്രദീപൻ, ശ്രീ. സത്യൻ കെ എന്നിവരുടെ സേവനപുസ്തകം സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ.
ശ്രീ. റ്റി.കെ.പ്രദീപൻ, സീനിയർ ക്ലർക്ക്, തലശ്ശേരിനഗരസഭ.
ശ്രീ. സത്യൻ കെ, സീനിയർ ക്ലർക്ക്, തലശ്ശേരി നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ